**വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്**
**അയ്യന്തോൾ, തൃശൂർ**

10.07.2018

ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ/
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ

വിഷയം: വിജ്ഞാനോത്സവം 2018 സംഘാടനം സംബന്ധിച്ച്
സൂചന: നം. എം.4/39910/2018/ഡി.പി.ഐ, 02.07.2018

തൃശൂർ ജില്ലാപഞ്ചായത്തിന്റെ വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുവിദ്യാഭ്യാസ വകുപ്പിന്റേയും കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റേയും സഹകരണത്തോടെ എല്ലാ വർഷവും നടത്തിവരുന്ന വിജ്ഞാനോത്സവം സ്കൂൾതലം 2018 ആഗസ്റ്റ് 1 ബുധനാഴ്ച 2 മുതൽ വൈകിട്ട് 4 മണിവരെയുള്ള സമയത്ത് നടക്കുകയാണ്.

മനുഷ്യൻ ചന്ദ്രനിൽ കാൽ കുത്തിയതിന്റെ അൻപതാം വാർഷികം, ഇന്റർനാഷണൽ അസ്ട്രോണമിക് യൂണിയന്റെ നൂറാം വാർഷികം, സാമാന്യ ആപേക്ഷികതാ സിദ്ധാന്തത്തിന് തെളിവ് നൽകിയ എഡിംഗ്ടന്റെ സൂര്യഗ്രഹണ നിരീക്ഷണത്തിന്റെ നൂറാം വാർഷികം എന്നിവയൊക്കെ ഒത്തുചേരുന്ന വർഷമാണ് 2019. ബഹിരാകാശഗവേഷണം, ബഹിരാകാശ ചരിത്രം, സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും, ജ്യോതിശ്ശാസ്ത്രത്തിന്റെ വിവിധ മേഖലകൾ തുടങ്ങിയ വിഷയങ്ങൾക്കായിരിക്കും വിജ്ഞാനോത്സവം ഊന്നൽ നൽകുക.

സ്കൂൾതല വിജ്ഞാനോത്സവത്തിന്റെ ജില്ലാ പരിശീലനം **ജൂലൈ 14 ശനിയാഴ്ച രാവിലെ 10 മുതൽ 3 മണിവരെ തൃശ്ശൂർ പരിസരകേന്ദ്രത്തിൽ** (കേരളവർമ കോളേജ് ബസ്സ്റ്റോപ്പ്) വച്ച് നടക്കുന്നു. ഉപജില്ലാ പരിശീലനം നടത്തുന്നതിനായി എൽ.പി, യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിൽ നിന്ന് ഒന്നുവീതം അധ്യാപകരെ ഒരു ഉപജില്ലയിൽ നിന്നും പങ്കെടുപ്പിക്കുന്നതിനുള്ള ക്രമീകരണം നടത്തേണ്ടതാണ്. തുടർന്ന് ജൂലൈ 18 തിയതിക്ക് മുൻപായി ഉപജില്ലാ പരിശീലനം നടക്കേണ്ടതുണ്ട്. ഉപജില്ലാ പരിശീലനത്തിൽ എല്ലാ സ്കൂളിൽ നിന്നും സയൻസ് ക്ലബ് കൺവീനർമാരായ അധ്യാപകരെ പങ്കെടുപ്പിക്കുന്നതിനുള്ള ക്രമീകരണം നടത്തേണ്ടതാണ്.

ഇതിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും പിന്തുണാ സംവിധാനങ്ങളും ബി.ആർ.സി.യെക്കൂടി ഉൾക്കൊള്ളിച്ച് നടത്തേണ്ടതാണ്.

സ്കൂൾ തല വിജ്ഞാനോത്സവം എല്ലാ സ്കൂളുകളിലും ഭംഗിയായി നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

എന്ന്

ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം